"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ ഒരു ബ്രാഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്

സ.ഉ.(കൈ) നം.23/2025/P&ARD    തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:-
1. 16.08.2024-തീയതിയിലെ സ.ഉ.(കൈ) നം. 15/2024/P&ARD
2. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നുള്ള 15/12/2023, 10/09/2025 തീയതികളിലെ എഡി.ബി3 - 44629/2023 നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ഒരു അഡീഷണൽ ബഞ്ച് സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാന സർക്കാരിനെയോ സർക്കാരിന്റെ വിവിധ വകുപ്പുകളെയോ കക്ഷികളാക്കിക്കൊണ്ട് വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന വ്യവഹാരങ്ങളിൽ കേരള സർക്കാരിനെയും സർക്കാർ വകുപ്പുകളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചുകൊണ്ട് നീതി നിർവ്വഹണത്തിൽ സർക്കാരിന്റെ ഉത്തമ താൽപ്പര്യങ്ങളെ സംരക്ഷിക്കുക എന്ന പരമപ്രധാനമായ കർത്തവ്യം നിർവ്വഹിക്കേണ്ടതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തലശ്ശേരി ബഞ്ചിനോട് അനുബന്ധമായി അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ ഒരു ബ്രാഞ്ച് ഓഫീസ് കൂടി ആരംഭിക്കുന്നതിനായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം(2) പ്രകാരം അഡ്വക്കേറ്റ് ജനറൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ച് സ്ഥാപിക്കുന്നതിനോടൊപ്പം അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെയും ഒരു ബ്രാഞ്ച് ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, കേരളം, എറണാകുളം, കൊച്ചി-

682031.

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവരവും പൊതുജന സമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya.k.s
സെക്ഷൻ ഓഫീസർ
Date: 12-12-2025 11:02:06